കഥ

# സ്വയംവരം

**ജോൺ ഇളമത**

**ഇ**തു വളരെ പണ്ടു നടന്നതല്ല. അടുത്തകാലത്തു നടന്ന കഥയാണ്. സ്വയംവരം ഏർപ്പെടുത്തിയത് സൂസിക്കുട്ടിയല്ല, അവളുടെ അപ്പൻ തോമാക്കുട്ടിയാണ്.

ഇരുപത്തിമൂന്നാമത്തെ വയസ്സിൽ നേഴ്സായി അമേരിക്കയിൽ എത്തിയ. സൂസിക്കുട്ടി ധാരാളം പണം സമ്പാദിച്ച് അപ്പൻ തോമാക്കുട്ടിയെ ഏല്പിച്ചു. തോമാക്കുട്ടി നാട്ടിലെ കുബേരന്മാരുടെ പട്ടികയിലേക്ക് ഉയർത്തപ്പെട്ടു. ഏഴു നീണ്ട വർഷങ്ങൾ കഴിഞ്ഞപ്പോൾ തോമാക്കുട്ടിക്ക് തോന്നി, സൂസിക്കുട്ടിക്ക് സ്വയംവരം ആവശ്യമാണ്. അങ്ങനെ മുപ്പതാമപ്പെ വയസ്സിൽ സൂസിക്കുട്ടി സ്വയംവരം അപ്പൻ തോമാക്കുട്ടി വിളംബരം ചെയ്തു. നാട്ടിലെ പ്രമുഖപത്രങ്ങളിലൂടെ ആ വിളംബരം പുറത്തുനിന്നു. സൂസിക്കുട്ടി നാട്ടിലെത്തിയതിന്റെ പിറ്റേന്നുതന്നെ. അടുത്ത ശനിയാഴ്ചയാണ് സ്വയംവരം. രാവിലെ പത്തുമുതൽ വൈകിട്ട് നാലുമണിവരെയുള്ള സമയത്തിനുള്ളിൽ.

ധാരാളം ബിരുദധാരികൾ ആ ഗ്രാമപ്രദേശത്തേക്ക് ഒഴുകി. ഭവാനിപ്പുഴയുടെ തീരങ്ങൾ തഴുകിയ മാനന്തവാടിയിലെ കാട്ടുപ്രദേശത്തേക്ക് കാടുവെട്ടിത്തെളിച്ചു, റബ്ബറും, കുരുമുളകും, കപ്പയും വിളയിക്കാൻ തിരുവിതാംകൂറിൽ നിന്നു പുറപ്പെട്ട ചേട്ടന്മാരിൽ ഒരാളായിരുന്നു തോമാക്കുട്ടി. നാട്ടിലെ ചെറുതുണ്ടു വിറ്റുകിട്ടിയ കാശുകൊണ്ട് ഒരേക്കർ വനം വാങ്ങി തോമാക്കുട്ടി രാപകൽ അദ്ധ്വാനിക്കവെയാണ് സൂസിക്കുട്ടി കടൽ കടന്ന് അമേരിക്കയിലെത്തിയത്.

അമേരിക്കയിൽ നിന്ന് ഡോളർ ഒഴുകിയപ്പോൾ മാനന്തവാടിയിൽ കാടിന്റെ നടുക്ക് കുന്നുംപുറത്ത് ഒരു മാളിക പൊങ്ങി. ഏക്കർ കണക്കിനു വനം വാങ്ങി വെട്ടിത്തെളിച്ചു റബ്ബർതോട്ടമാക്കി. തോട്ടത്തിന്റെ നടുക്കുള്ള മാളികയിലേക്കാണ് വിദ്യാസമ്പന്നർ ഒഴുകിയത്. അവരിൽ അങ്ങു കുട്ടനാടു മുതൽ നാഞ്ചിനാടുവരെയുള്ള യുവകോമളന്മാരുണ്ടായിരുന്നു.

വരന്മാർ ധാരാളം എത്തുന്നതു കണ്ടപ്പോൾ തോമാക്കുട്ടി ഒരു പ്രഖ്യാപനം നടത്തി. കിഴക്കു നിന്നു വരുന്ന കാറുകൾ കിഴക്കും, പടിഞ്ഞാറു നിന്നു വരുന്ന കാറുകൾ പടിഞ്ഞാറും, തെക്കു നിന്നു വരുന്ന കാറുകൾ തെക്കും പാർക്കു ചെയ്യണം. അതിന് ഒരു പ്രത്യേക ഉദ്ദേശ്യം ഉണ്ടായിരുന്നു.

കിഴക്കു നിന്നു വന്നവർക്ക് പനങ്കള്ളും, കപ്പയും, ചക്കപ്പുഴുക്കും കൊടുത്തു. പടിഞ്ഞാറു നിന്നു വന്നവർക്ക് തെങ്ങും കള്ളും കപ്പയും ഞണ്ട് അല്ലെങ്കിൽ മത്തി പീരവെച്ചതും വിളമ്പി. തെക്കൻ കള്ളുകുടിക്കാത്തവൻ എന്ന നിഗമനത്തിൽ കഞ്ഞിയും കാളയിറച്ചിയും വിളമ്പി.

അങ്ങനെ തോമാക്കുട്ടി എല്ലാവരേയും സന്തുഷ്ടരാക്കി. ബന്ധുക്കളെ പുറത്ത് ഗാർഡനിൽ ഇരുത്തി. വരന്മാരെ മാത്രം അകത്തേക്കു വിളിച്ചു. വിരിച്ചൊരുക്കിയ വിശാലമായ നീളൻ വരാന്തയിൽ വീട്ടിത്തടിയിൽ ചിത്രപ്പണികൾ ചെയ്തു നിർമ്മിച്ച കസേരകളിൽ വരന്മാർ ആസനസ്ഥരായി. പുതിയ പെണ്ണുകാണൽ രീതി കണ്ട് വരന്മാരും ബന്ധുക്കളും അന്തിച്ചിരിക്കേ സാക്ഷാൽ സൂസിക്കുട്ടി പ്രത്യക്ഷപ്പെട്ടു. ശകുന്തളയെപ്പോലെ, പക്ഷേ സൂസിക്കുട്ടി നാണം കൊണ്ട് മുഖം കുനിച്ചു തള്ളവിരൽ കൊണ്ട് നിലത്തെഴുതി നിന്നില്ല.

എന്നാൽ സൂസിക്കുട്ടിയുടെ വരവു കണ്ട് ചില വരന്മാർ നാണിച്ചു മുഖം കുനിച്ച് തള്ളവിരൽ കൊണ്ട് നിലത്തെഴുതിയോ എന്തോ! അതിലോലമായ പട്ടുസാരിയിൽ പൊതിഞ്ഞ് സ്വർണ്ണം കൊണ്ടലങ്കരിച്ച വിഗ്രഹം പോലെ സൂസിക്കുട്ടി നിന്നു. അപ്പോൾ സൂസിക്കുട്ടിക്ക് ഏതോ ഒരു സിനിമാനടിയുടെ മുഖച്ഛായ തോന്നി. ഒരു കുഴപ്പം മാത്രം. എല്ലാവരും മുമ്പിൽ കണ്ടു, സൂസിക്കുട്ടിക്കുസാമാന്യത്തിലേറെ വണ്ണം. എന്നിരുന്നാലും മുഖം ചന്ദ്രബിംബം പോലെ തന്നെ. കണ്ണാടിക്കൂടു പോലുള്ള പലഹാരവണ്ടി പോലെ സൂസിക്കുട്ടി സെക്സിയായിരുന്നു. എല്ലാവർക്കും ഒപ്പം മോഹം ജനിച്ചു.

ഓരോ വരനോടും, സ്വയം ഇൻട്രൊഡ്യൂസ് ചെയ്യാൻ സൂസിക്കുട്ടി ആവശ്യപ്പെട്ടു. അവർ ഓരോരുത്തരായി സ്വയം പരിചയപ്പെടുത്തി. എഞ്ചിനീയർ, വക്കീൽ, കോളജ് അദ്ധ്യാപകർ, ഹൈസ്ക്കൂൾ അദ്ധ്യാപകർ, മൃഗഡോക്ടർ, ദന്ത ഡോക്ടർ, സാധാരണ ഡോക്ടർ, കാർഷിക ഓഫീസർ, വനം വകുപ്പിൽ ഓഫീസർ, ട്രാൻസ്പോർട്ട് ഓഫീസർ എന്നുവേണ്ട പല വകുപ്പിൽപെട്ടവർ. സൂസിക്കുട്ടി കുഴഞ്ഞു. ഒടുവിൽ സൂസിക്കുട്ടി ഒരു തീരുമാനത്തിൽ എത്തി. ഒരൊറ്റ ചോദ്യം

ഓരോരുത്തരോടും ചോദിക്കുക. തൃപ്തികരമായ ഉത്തരം പറയുന്നയാളെ തെരഞ്ഞെടുക്കുക.

സൂസിക്കുട്ടിയുടെ ചോദ്യം: കല്യാണം കഴിഞ്ഞ് അമേരിക്കയിലെത്തിയിട്ട് ഏതെങ്കിലും കാരണവശാൽ ഭാര്യയെപ്പറ്റി സംശയം ജനിച്ചാൽ നിങ്ങൾ എന്തുചെയ്യും?

ഒരാളൊഴികെ എല്ലാവരും മണ്ടത്തരങ്ങളാണ് പറഞ്ഞത്. ആ ആളെ സൂസിക്കുട്ടിക്ക് ഇഷ്ടപ്പെട്ടു. അയാൾ പറഞ്ഞ ഉത്തരം സംശയങ്ങളെ അതിജീവിച്ച് സംശയമില്ലാതെ ഒരു ബുദ്ധിജീവിയായി ഭാവിക്കും എന്നാണ്. അങ്ങനെ മൃഗഡോക്ടറുടെ ബുദ്ധിയിൽ സൂസിക്കുട്ടി സന്തുഷ്ടയായി. മൃഗഡോക്ടർ ഭാവിവരനായി തെരഞ്ഞെടുക്കപ്പെട്ടു.

മനസ്സുചോദ്യവും കല്യാണവും ധൃതഗതിയിൽ നടന്നു. അവധി പരിമിതമായിരുന്നതിനാൽ മധുവിധുവിന്റെ മധുരം നുകരുന്നതിനു മുമ്പു തന്നെ, എന്നു പറഞ്ഞാൽ ആദ്യരാത്രിക്കു ശേഷം സൂസിക്കുട്ടി അമേരിക്കയിലേക്ക് പറന്നു.

മധുവിധു രാത്രികൾ അമേരിക്കയിൽ ഘോഷിക്കാമെന്ന പ്രതീക്ഷയോടെ ഡോക്ടർ കാത്തിരുന്നു. ഒരുവർഷത്തെ കാത്തിരിപ്പിനു ശേഷം മൃഗഡോക്ടർ ഫാമിലി വിസായിൽ അമേരിക്കയിലെത്തി. സൂസിക്കുട്ടി മധുവിധുവിനു വേണ്ട മണിയറ ഒരുക്കിയിരുന്നു.

മൃഗഡോക്ടർ മണിയറയിൽ കാത്തിരുന്നു. സൂസിക്കുട്ടി ഷവർ എടുക്കാനായി ബാത്ത്റൂമിലേക്ക് കയറി. നീണ്ട ഒരു തേച്ചുകുളിക്കു ശേഷം തിരിച്ചെത്തി.

മൃഗഡോക്ടർക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. കുളിക്കാൻ പോയ സൂസിക്കുട്ടിയായിരുന്നില്ല തിരിച്ചുവന്നത്. മുൻവരി പല്ലുകൾ പോയി. പുരികം കൊഴിഞ്ഞ്, എലിവാലുപോലെ മുടിയും, ശുഷ്ക്കമായ മാറിടവും, തേഞ്ഞുപോയ പിൻഭാഗവുമുള്ള ചന്തമില്ലാത്ത തടിച്ച ഒരു താടക; വിരൂപയായ സൂസിക്കുട്ടി!

സൂസിക്കുട്ടി നമ്രയായി വിരൽ നഖം കൊണ്ടു കളം വരച്ചില്ല. അന്തസ്സായി ഡ്രസ്സിംഗ് ടേബിളിന്റെ മുമ്പിലേക്കു വന്നു ഓരോ പാർട്സ് പാർട്സായി ശരീരഭാഗങ്ങൾ ഫിറ്റു ചെയ്തു. മുൻവരി പല്ലുകൾ ഫിറ്റു ചെയ്തുകൊണ്ടിരുന്നപ്പോൾ പറഞ്ഞു. "കഴിഞ്ഞകൊല്ലം ഒരു കാർ ആക്സിഡന്റിൽ പറ്റിയതാണ്."

അപ്പോൾ മറ്റുഭാഗങ്ങളോയെന്ന് മൃഗഡോക്ടർക്കു ചോദിക്കണമെന്നുണ്ടായിരുന്നു. കറുത്തു ചുരുണ്ട് തോളറ്റം വരെയുള്ള മുടി ഫിറ്റു ചെയ്തു. ചുവന്ന ചായമുള്ള നീണ്ടനഖം ഫിറ്റു ചെയ്തു. ഇളം ചുവപ്പു ചായം കൊണ്ട് മുഖവും കൈത്തണ്ടകളും മിനുക്കി കവിളിണകളിൽ അരുണിമയാർന്ന ചെഞ്ചായം പൂശി. ചുണ്ടുകളിൽ ചുവന്ന കടുത്ത ചായം പുരട്ടി. കാതിൽ ചുവന്ന അലുക്കത്തുള്ള സ്വർണ്ണ ഞാത്തുകമ്മൽ ധരിച്ചു. വളകളും മറ്റു സ്വർണ്ണമാലകളും ധരിച്ചു. ചുവന്ന വലിയ പൂക്കളുള്ള പാദംവരെ ഇറങ്ങിക്കിടക്കുന്ന കറുത്ത ഒറ്റയുടുപ്പിട്ടു.

മൃഗഡോക്ടർ ചിന്തിച്ചു: മണിയറിയിലേക്കു വരാൻ എന്തിനാണ് വലിയ ഒരുക്കം. മേക്കപ്പു ചെയ്തു മനുഷ്യനെ കബളിപ്പിക്കുന്ന പരിഷ്ക്കാര ലോകത്തിന്റെ മുഖംമൂടിയെ മൃഗഡോക്ടർ ബോധപൂർവ്വം മറക്കാൻ ശ്രമിച്ചു. പറ്റിപ്പോയ അബദ്ധത്തെ ബുദ്ധിമാനായ മൃഗഡോക്ടർ മറക്കാൻ ശ്രമിച്ചു. അമേരിക്കയിലെത്താനുള്ള പൂതി കാരണം വരുത്തിക്കൂട്ടിയതാണ്. ഒന്നിനെ പ്രാപിക്കണമെങ്കിൽ മറ്റു പലതിനെയും ത്യജിക്കണമെന്ന പ്രത്യയശാസ്ത്രമാണ് മൃഗഡോക്ടർക്ക് ആശ്വാസം നൽകിയത്. നാട്ടിലുള്ള നല്ല ജോലിയും കളഞ്ഞാണ് ഇവിടെ എത്തിയത്. ഈ അക്കിടി ആരും അറിയാതെ ഇരിക്കട്ടെ എന്ന് മൃഗഡോക്ടറെ അദ്ദേഹത്തിന്റെ ഉപബോധമനസ്സ് ഉപദേശിച്ചു.

മൃഗഡോക്ടർ ചിന്തിച്ചു നിൽക്കവെ, സൂസിക്കുട്ടി അവസാനമായി വില കൂടിയ പരിമളം ശരീരമാകെ സ്പ്രേ ചെയ്തു. പൊക്കമുള്ള ഹൈഹീൽഡ് ഷൂവിനുള്ളിൽ കയറി മന്ദസ്മിതത്തോടെ മൊഴിഞ്ഞു: "എന്നെ കാണാൻ സ്വയംവരത്തിനു വന്നപ്പോൾ ഞാൻ ഒരു ചോദ്യം ചോദിച്ചിട്ട് ഉത്തരം പറഞ്ഞത് ഓർമ്മയുണ്ടല്ലോ! അപ്രകാരം എന്നെ സംശയിക്കില്ല എന്നു കരുതുന്നു. ഇന്നു രാത്രി എന്റെ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ഒരു ഡോക്ടറുടെ ബർത്ത്ഡേയാണ്. ആള് മലയാളിയാണ്. ഇവിടെ ആദ്യം വന്നപ്പോൾ അദ്ദേഹം എന്നെ ധാരാളം സഹായിച്ചിട്ടുണ്ട്. ഇപ്പോൾ കിട്ടിയിട്ടുള്ള ഈ ജോലി ഉൾപ്പെടെ. ഞാൻ പോയിട്ടു വളരെ ഇരുട്ടിയേ എത്തൂ ഉറങ്ങിക്കോ! ഉറക്കം വരാതെ വന്നാൽ ബാറിൽ വിസ്ക്കിയുണ്ടല്ലോ! ആദ്യരാത്രി നമുക്ക് നാളെ മുതൽ ആരംഭിക്കാം."

മൃഗഡോക്ടർ ചത്തുമലച്ച മൃഗത്തെപ്പോലെ പട്ടുമെത്തയിൽ മരവിച്ചു കിടന്നു.

*********